ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ - ന്യൂസിലാൻഡ് സ്വതന്ത്രവ്യാപാര കരാർ യാഥാർത്ഥ്യമാകുന്നു. ചർച്ചകൾ വിജയകരമായി പൂർത്തിയാക്കി ഇരുരാജ്യങ്ങളും. കയറ്റുമതി മേഖലയ്ക്ക് കരാർ സഹായകമാകുമെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.

   India and New Zealand have successfully concluded the historic, ambitious and mutually beneficial Free Trade Agreement (FTA). Union Minister Piyush Goyal said that the agreement would be beneficial to the export sector.

2. ഫിനാൻഷ്യൽ ഫ്രോഡ് റിസ്ക് ഇൻഡിക്കേറ്ററിന്റെ സഹായത്തോടെ 6 മാസത്തിനുള്ളിൽ 660 കോടി രൂപയുടെ സൈബർ തട്ടിപ്പ് തടഞ്ഞതായി കേന്ദ്ര സർക്കാർ.

Cyber Fraud losses worth six hundred sixty crore rupees prevented in just 6 months with help of Financial Fraud Risk Indicator.

3. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള കരടു വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.

In Kerala, the draft electoral roll prepared as part of the Special Intensive Revision will be published today.

4. യു. എസ് ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങി ISRO. BlueBird Block-2 ആശയവിനിമയ ഉപഗ്രഹം നാളെ രാവിലെ വിക്ഷേപിക്കും.

The United States' AST SpaceMobile BlueBird Block-2 communication satellite will be launched by ISRO tomorrow.

5. ബംഗ്ലാദേശിൽ വർദ്ധിച്ചു വരുന്ന അക്രമങ്ങളിൽ ആശങ്ക പ്രകടപ്പിച്ച് യു എൻ.

UN Secretary-General Antonio Guterres has expressed deep concern over rising violence in Bangladesh.

6. ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻ്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വിശാഖപട്ടണത്ത്.

**In Women's Cricket, second T20 game between India and Sri Lanka will be played today in Visakhapatnam.**

## GOYAL FTA-INDIA NEW ZEALAND

സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാൻ്റും വിജയകരമായി പൂർത്തിയാക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലാൻ്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും നടത്തിയ ടെലഫോൺ സംഭാഷണത്തിന് ശേഷമായിരുന്നു പ്രഖ്യാപനം. കരാർ പ്രാബല്യത്തിൽ വരുന്നത് വ്യാപാരം, ടൂറിസം, ഗവേഷണം, വികസനം, വിദ്യാഭ്യാസം, കാർഷിക- സേവന മേഖലകൾ എന്നിവയ്ക്ക് ഗുണകരമാകുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. രാജ്യത്തെ കയറ്റുമതി മേഖലയ്ക്ക് കരാർ സഹായകമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## PM - FTA

ഇന്ത്യ - ന്യൂസിലൻ്റ് സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി

വ്യാപാരം അടുത്ത അഞ്ചു വർഷം ഇരട്ടിയാക്കുന്നതിന് സ ഹായകരമാകുമെന്ന്

പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതിന് കരാർ വഴി ഒരുക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

വിവിധ മേഖലകളിൽ ന്യൂസിലൻറിൽ നിന്നുള്ള 20 ബില്ല്യൺ ഡോളറിന്റെ

നിക്ഷേപം സ്വാഗതം ചെയ്യുന്നതായും പ്രധാനമന്ത്രി പറഞ്ഞു. കായികം, വിദ്യാഭ്യാസം, സംസ്കാരം എന്നീ മേഖലകളിലെ പരസ്പര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## JAISHANKAR- SL VISIT

വിദേശകാര്യമന്ത്രി എസ് ജയശങ്കർ ഇന്ന് ശ്രീലങ്ക സന്ദർശിക്കും. ശ്രീലങ്കൻ നേതൃത്വവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ദിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്കുള്ള ഇന്ത്യയുടെ ഓപ്പറേഷൻ സാഗർ ബന്ധു ദൗത്യത്തിൻറെ പശ്ചാത്തലത്തിലാണ് സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## FRI-CYBER FRAUD

ഫിനാൻഷ്യൽ ഫ്രോഡ് റിസ്ക് ഇൻഡിക്കേറ്ററിന്റെ സഹായത്തോടെ 6 മാസത്തിനുള്ളിൽ അറുനൂറ്റി അറുപത് കോടി രൂപയുടെ സൈബർ തട്ടിപ്പ് തടഞ്ഞതായി കേന്ദ്ര സർക്കാർ. ആർ ബി ഐയുടെയും നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെയും സജീവ പിന്തുണയോടെയാണ് FRI പ്രവർത്തിക്കുന്നത്. രാജ്യമെമ്പാടുമുള്ള ആയിരക്കണക്കിന് ബാങ്കുകളും, പണമിടപാട് സംവിധാനങ്ങളും, ധനകാര്യ സ്ഥാപനങ്ങളും ഡിജിറ്റൽ ഇന്റലിജൻസ് പ്ലാറ്റ്ഫോമിൽ ചേർന്നുകൊണ്ട് FRI സജീവമായി ഉപയോഗിക്കുന്നതായി കേന്ദ്രസർക്കാർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**RABI CROPS- REPORT**

രാജ്യത്ത് ഈ വർഷം ഇതുവരെ 580 ലക്ഷത്തിലധികം ഹെക്ടർ ഭൂമിയിൽ റാബി വിളകൾ കൃഷി ചെയ്തതായി റിപ്പോർട്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏകദേശം എട്ട് ലക്ഷം ഹെക്ടറിന്റെ വർദ്ധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ മാസം 19 വരെയുള്ള റാബി വിളകളുടെ വ്യാപനം സംബന്ധിച്ച് കർഷക ക്ഷേമ മന്ത്രാലയം പുറത്തുവിട്ട റിപ്പോർട്ടിലാണ് പുരോഗതി പരാമർശിക്കുന്നത്. ഗോതമ്പ്, പയർ വർഗ്ഗങ്ങൾ, നെല്ല് എന്നിവയിലാണ് പ്രധാനമായും വർദ്ധന.

❁❁❁❁❁❁❁❁❁❁❁❁❁

## HEALTH –J P NADDA

രാജ്യത്തെ ഇൻഫ്ലുവൻസ നിയന്ത്രണത്തിന് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ യോജിച്ച് പ്രവർത്തികണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ. ന്യൂഡൽഹിയിൽ നടക്കുന്ന രണ്ട് ദിവസത്തെ ചിന്തൻ ശിവിറിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രോഗപ്രതിരോധത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും ഏറെ പ്രാധാന്യമുണ്ടെന്നും ശ്രീ ജെ.പി നഡ്ഡ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## GOVT - HEALTH(INTRO)

കഴിഞ്ഞ പതിനൊന്ന് വർഷത്തിൽ രാജ്യത്തെ ആരോഗ്യരംഗം വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ. ന്യൂഡൽഹിയിലെ വർദ്ധമാൻ മഹാവീർ മെഡിക്കൽ കോളേജ്, സഫ്ദർജംഗ് ആശുപത്രി എന്നിവിടങ്ങളിലെ ഏഴാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സമ്പൂർണ്ണ ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്താൻ കേന്ദ്ര സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നും ശ്രീമതി അനുപ്രിയ പട്ടേൽ പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## GOVT - EIGHT CORE INDEX

രാജ്യത്തെ എട്ട് പ്രധാന വ്യവസായങ്ങളുടെ സംയുക്ത സൂചികയിൽ ഈ വർഷം 1.8 ശതമാനം വർദ്ധന രേഖപ്പെടുത്തിയതായി കേന്ദ്ര സർക്കാർ. സിമന്റ്, സ്റ്റീൽ, വളം, കൽക്കരി എന്നീ മേഖലകൾ മികച്ച വളർച്ച കൈവരിച്ചതായി വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. സിമന്റ് 14.5 ശതമാനം, സ്റ്റീൽ 6.1 ശതമാനം, വളം 5.6 ശതമാനം, കൽക്കരി 2.1 ശതമാനം വർദ്ധന രേഖപ്പെടുത്തി. അതേസമയം അസംസ്‌കൃത എണ്ണ ഉൽപ്പാദനം 3.2 ശതമാനവും, പ്രകൃതിവാതക ഉൽപ്പാദനം 2.5 ശതമാനവും കുറഞ്ഞതായും കേന്ദ്ര സർക്കാർ അറിയിച്ചു.

## ISRO SATELLITE LAUNCH

യു എസ് ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങി ISRO.

യു എസിന്റെ AST SpaceMobile BlueBird Block-2 ആശയവിനിമയ ഉപഗ്രഹം നാളെ രാവിലെ 8:54 ന് LVM3-M6 റോക്കറ്റിൽ വിക്ഷേപിക്കും. ലോ എർത്ത് ഭ്രമണപഥത്തിലെ ഏറ്റവും വലിയ വാണിജ്യ ആശയവിനിമയ ഉപഗ്രഹവും ഇന്ത്യയിൽ നിന്ന് LVM-3 യിലൂടെ വിക്ഷേപിച്ച ഏറ്റവും ഭാരമേറിയ പേലോഡുമായിരിക്കും BlueBird Block-2. ആഗോളതലത്തിൽ ഉപഗ്രഹത്തിലൂടെ നേരിട്ടുള്ള 4G/5G കണക്റ്റിവിറ്റി ലഭ്യമാക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

## PM-NITISH KUMAR

ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. - ബിഹാർ

ഉപമുഖ്യമന്ത്രി സാമ്രാട്ട് ചൗധരി, കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ് എന്നിവരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായേയും ശ്രീ നിതീഷ് കുമാർ സന്ദർശിച്ചു.

## VOTERS LIST (INTRO)

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള കരടു വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(വോയിസ്)**

കേരളത്തിന് പുറമെ ഛത്തിസ്ഗഢ്, മധ്യപ്രദേശ്, ആൻഡമാൻ നിക്കോബർ എന്നിവിടങ്ങളിലും കരട് പട്ടിക ഇന്ന് പ്രസദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**CRICKET WOMEN**

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വിശാഖപട്ടണത്ത് നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരം തിരുവനന്തപുരത്താണ് നടക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**BANGLADESH HC**

ബംഗ്ലാദേശിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. എല്ലാ ന്യൂനപക്ഷങ്ങളും സുരക്ഷിതരായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇതിനായ്

പ്രവർത്തിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. അതെസമയം, വീസ നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ കോൺസുലാർ സേവനങ്ങളും ഇനിയൊരറിയിപ്പുണ്ടാകുന്നത് വരെ താൽക്കാലികമായി നിർത്തിവെച്ചതായി ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PUDUCHERY FAKE MEDICINE

പുതുചേരിയിൽ വ്യാജമരുന്ന് നിർമാണത്തിനെതിരെയുള്ള അന്വേഷണം കേന്ദ്ര ഏജൻസികൾക്ക് കൈമാറണമെന്ന് ശുപാർശ ചെയ്ത് ലഫ്റ്റനന്റ് ഗവർണർ കെ.കൈലാസനാഥൻ. CBCIDയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സിബിഐ, ദേശീയ അന്വേഷണ ഏജൻസി തുടങ്ങിയവയ്ക്ക് അന്വേഷണം കൈമാറമെന്നാണ് ശുപാർശ. വിവിധ സംസ്ഥനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെട്ട കുറ്റകൃത്യം ആയതിനാൽ ദേശീയ തലത്തിലുള്ള അന്വേഷണമാണ് ആവശ്യമെന്ന് ലഫ്റ്റനന്റ് ഗവർണർ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

മണ്ഡലപൂജയ്ക്ക് സമാപനം കുറിച്ച് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി

ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഇന്നു രാവിലെ അഞ്ചുമുതൽ ഏഴുവരെ തങ്ക അങ്കി ദർശിക്കുവാൻ ഭക്തർക്ക് സൗകര്യം ഒരുക്കിയിരുന്നു. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ.

## CHRISTMAS CELEBRATIONS – LOK BHAVAN

കേരള ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ക്രിസ്മസ് വിരുന്നൊരുക്കി. മതമേലധ്യക്ഷൻമാർ, ആന്റണി രാജു എം.എൽ.എ, ചീഫ് സെക്രട്ടറി എ.ജയ്തിലക്ക്, ഡിജിപി രവാഡ ചന്ദ്രശേഖർ ഉൾപ്പെടെയുള്ള പ്രമുഖർ വിരുന്നിൽ പങ്കെടുത്തു.

## V N VASAVAN-KOTTAYAM

റബ്ബർ പാലിൽ നിന്ന് പരിസ്ഥിതി സൗഹൃദ പെയിൻറ് നിർമ്മാണ സാങ്കേതികവിദ്യയുമായി കോട്ടയം പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രം. ഔദ്യോഗിക ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ ഇന്ന് കോട്ടയത്ത് നിർവഹിക്കും. പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ പെയിൻറ് നിർമാണത്തിൻറെ സാങ്കേതിക വിദ്യയും മന്ത്രി കൈമാറും.

## MEDISEP

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷുറൻസ് പദ്ധതി - മെഡി സെപിൻറെ പ്രീമിയം തുക വർധിപ്പിച്ചു. പ്രതിമാസം 500 രൂപയായിരുന്ന പ്രീമിയം 810 ആക്കി. വിരമിച്ചവരുടെ പ്രീമിയം, പെൻഷൻ തുകയിൽ നിന്ന് ഈടാക്കും.